വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, റെയ്ഡ റിൻകര ട്രെയിനിംഗ് സ്കൂളിൽ തമിഴ് അദ്ധ്യാപകർ ഇല്ല എന്നുള്ള പരാതി കിട്ടിയിരുന്നു. ബഹുമാനപ്പെട്ട വരദൻ തന്നെ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. അതിനെത്തുടർന്ന് തമിഴ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

(11) തെങ്ങിനു മരുന്നുതളിക്കാൻ നിയോഗിച്ചിരുന്ന തൊഴിലാളികൾക്കു നഷ്ടപരിഹാരം

ശ്രീ. എ. വി. താമരാക്ഷൻ: സർ, തെങ്ങുരോഗത്തിനെതിരെ മരുന്നു തളിയിൽ ഏർപ്പെട്ടിരുന്ന സ്പ്രെയിങ്ങ് തൊഴിലാളികൾ മരുന്നുതളി പൂർണ്ണമായും നിർത്തലാക്കിയതിനെത്തുടർന്ന് തൊഴിൽ രഹിതരാണ്. 1954 മുതൽ കൃഷി ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള വിവിധ ഏലാകളിൽ പണിയെടുക്കുന്ന തൊഴിലാളികളാണ്. 1977 മുതൽ കൃഷിഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള സീസണൽ വർക്കേഴ്സ് എന്നുള്ള നിലയിൽ ഫെസ്റ്റിവൽ അലവൻസും ഓണം അലവൻസും അടക്കമുള്ള ആനുകൂല്യങ്ങൾ കിട്ടിയിരുന്ന തൊഴിലാളികളാണ്. 1984-ൽ ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി വിളിച്ചുകൂട്ടിയ ഒരു കോൺഫറൻസിൽ ഈ തൊഴിലാളികൾക്ക് നഷ്ടപരിഹാരം കൊടുക്കുന്നതാണെന്ന് പറഞ്ഞതാണ്. എന്നാൽ ഇതുവരെയായിട്ടും അത് കൊടുത്തിട്ടില്ല. അടിയന്തിരമായി അവർക്ക് നഷ്ടപരിഹാരം കൊടുക്കണം. ഇതൊരു ജീവകാരുണ്യപരമായ പ്രശ്നമെന്നുള്ള നിലയിൽ ഗവൺമെന്റ് കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, 10-4-1984-ൽ തെങ്ങ് രോഗത്തിന് മരുന്നു തളിക്കാൻ ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ചു. പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തിയത് പഞ്ചായത്തു മുഖേനയാണ്. പഞ്ചായത്തുകളുടെ പ്രവർത്തനം തൃപ്തികരമല്ലാത്തതുകൊണ്ട് 1984-ൽ ഗവൺമെന്റു ഉത്തരവ് അനുസരിച്ച് പ്രസ്തുത പദ്ധതി കൃഷിവകുപ്പുമുഖേന നടത്തുവാൻ തീരുമാനിച്ചു. ഇതനുസരിച്ച് കൃഷിക്കാർ തന്നെ നേരിട്ട് മരുന്നുതളിക്കാരെവച്ച് നടത്തേണ്ടതാണെന്ന് നിർദ്ദേശിക്കപ്പെടുകയുണ്ടായി. ഡിപ്പാർട്ടുമെന്റു സ്പ്രെയർ ഒരുരൂപ വാടകയ്ക്ക് കൊടുത്തിരുന്നു. അതിന്റെ ഫലമായി മരുന്നുതളിയിൽ ഏർപ്പെട്ടിരുന്ന 830 തൊഴിലാളികൾ ഗവൺമെന്റിന്റെ കീഴിൽ അല്ലാതായിത്തീർന്നു. ആ തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് ഗവൺമെന്റു ചർച്ച ചെയ്തു. നഷ്ടപരിഹാരം കൊടുക്കുന്ന കാര്യം ഗവൺമെന്റു യാതൊന്നും ഉദ്ദേശിച്ചിട്ടില്ല. ഡിപ്പാർട്ടുമെന്റ് അവർക്ക് ഓരോ സ്പ്രെയർ കൊടുക്കുന്നതിനെപ്പറ്റി ഗവൺമെന്റിൽ പ്രൊപ്പോസൽ അയച്ചിട്ടുണ്ട്. അത് ഗവൺമെന്റു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(12) ജോസ് മസ്ബാസ്റ്റ്യന്റെ കൊലപാതകം

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: സർ, ഒരു മദ്യവ്യവസായ തൊഴിലാളിയായിരുന്ന ജോസ് സെബാസ്റ്റ്യൻ എന്ന ചെറുപ്പക്കാരനെ കോന്നി പോലീസ് ലോക്കപ്പിലിട്ട് ഭീകരമായി മർദ്ദിച്ച് കൊലപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിയിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുകയാണ്. ഇതുവരെയും ഇതു സംബന്ധിച്ച കേസ് ചാർജ് ചെയ്തിട്ടില്ല. ഈ കഴിഞ്ഞ നിയമസഭാ സമ്മേളനം നടക്കുമ്പോഴും ഒരു ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചത് 'കേസിന്റെ അന്വേഷണം പൂർത്തിയായി ചാർജ്കൊടുക്കാൻ ഉദ്ദേശിച്ചിരിക്കുന്നു' എന്നാണ്. ആറുമാസത്തോളമായിട്ടും ഇതുവരെയും കേസ് ചാർജ് ചെയ്തിട്ടില്ല. മദ്ധ്യതിരുവിതാംകൂറിലെ എല്ലാവിഭാഗം ജനങ്ങളെയും രോഷാകുലരാക്കിയ ഒരു സംഭവമാണ് ജോസ് സെബാസ്റ്റ്യൻ കൊലപാതകം. കേസ് ചാർജ് ചെയ്തു കൊടുക്കാതെ കാലതാമസം വരുത്തുന്നത് ലക്ഷ്യമായ തെളിവുകൾ നേച്ചുമാച്ചുകളയാനും കൊലയാളികളെ എങ്ങനെയും രക്ഷപ്പെടുത്തുവാനുമുള്ള ഹീനമായ ശ്രമമല്ലാതെ മറ്റൊന്നുമല്ല. കൊലപാതകികളെ രക്ഷിക്കുവാനാണ് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയമെങ്കിൽ മുഖ്യമന്ത്രി അക്കാര്യം തുറന്നു പറയണം. ഒരു കൊല്ലം കഴിഞ്ഞിട്ടും ഈ കേസ് ചാർജ് ചെയ്തു കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്നു പറഞ്ഞാൽ നിയമനടപടികൾ എങ്ങനെ വളച്ചൊടിക്കപ്പെടുന്നു എന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. ഈ കേസ് ഉടൻ ചാർജ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആയിരക്കണക്കിന് ആളുകൾ ചേർന്ന് ഒരു സ്റ്റേറ്റ്മെന്റ് നടത്തുകയാണ്. നീതി വിളംബപ്പെടുത്തുന്നത് വെറും നീതിനിഷേധം മാത്രമാണ്. നിരാധാരമായ ജോസിന്റെ കുടുംബത്തിന് മദ്യവ്യവസായ തൊഴിലാളികൾ 50,000 രൂപ പിരിച്ചു ചരമവാർഷികദിനത്തിൽ കൊടുക്കുകയുണ്ടായി. ഈ ഗവൺമെന്റ് ആ കുടുംബത്തിന് നിയമസംരക്ഷണംപോലും നൽകിയിട്ടില്ല. ഈ കേസ് ഉടൻ ചാർജ് ചെയ്തു മേൽനടപടികൾ കാര്യമായി മുമ്പോട്ടുകൊണ്ടുപോകാനുള്ള സൻമനസ്സ് ഇനിയെങ്കിലും മുഖ്യമന്ത്രിക്കുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, മരണം, unnatural death ആയിട്ടാണ് ആദ്യം റിപ്പോർട്ടു ചെയ്തിരുന്നത്. ലോക്കൽ പോലീസ് ഇൻവെസ്റ്റിഗേഷൻ നടത്തി. അതിനുശേഷം അത് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചു. അതിനെത്തുടർന്ന് അവിടത്തെ എസ്. ഐ. ബാബുരാജിനേയും അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, പോലീസ് കോൺസ്റ്റബിൾമാരായ ചക്രപാണി, രഘുനാഥ് എന്നിവരേയും പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയായിക്കഴിഞ്ഞാൽ തീർച്ചയായിട്ടും തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(13) തമിഴ്നാട് പോലീസ് കസ്റ്റഡിയിലെടുത്ത കെ. എസ്. ആർ. ടി. സി. ബസ്.

ശ്രീ. ടി. കെ. ആറുമുഖൻ: സർ, ഒരു മാസത്തിലധികമായി അസ്സറിൽ കഴിയുന്ന കെ. എസ്. ആർ. ടി. സി. ബസ്സിനെ ഇതുവരെ മോചിപ്പിച്ചിട്ടില്ല. അംഗീകൃത റൂട്ട് പെർമിറ്റില്ലാതെ ഓടിയ ചിറ്റൂർ—പാലക്കാട്—കോയമ്പത്തൂർ ബസ് (നമ്പർ എസ്. 290) മധുക്കര പോലീസിന്റെ കസ്റ്റഡിയിൽ കഴിയുന്നു. പെർമിറ്റില്ലാതെ ഓടിയതിന്റെ പേരിൽ 14,200 രൂപ കെട്ടിയാൽ മാത്രമേ ബസ് വിട്ടുകൊടുക്കൂ എന്നാണ് കോയമ്പത്തൂർ ആർ. ടി. ഒ. യുടെ നിലപാട്. പാലക്കാട്—പൊള്ളാച്ചി റൂട്ടിലോടാനാണ് ബസ്സിന് പെർമിറ്റുള്ളത്. അത് കോയമ്പത്തൂർ റൂട്ടിൽ ഓടിയെന്നതാണ് കുറ്റം.

LIBRARY ARCHIVES Kerala Legislative Assembly